# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

പന്ന്യന്നൂർ വി.വി.എൽ.പി. സ്കൂൾ

# ആമുഖം

വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ ദൂരീകരിക്കാൻ ചിട്ടയായ ആസൂത്രണം അനിവാര്യമാണ്. ഇനിയുള്ള വർഷങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യ വളർച്ചയിലും അക്കാദമിക നിലവാര വളർച്ചയിലും കൃത്യമായ ആസൂത്രണം ആവശ്യമാണ്.

ഈ ലക്ഷ്യം മുന്നോട്ട് വച്ച് അധ്യയനവർഷം സ്കൂളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ അവയുടെ പ്രാധാന്യം അനുസരിച്ച്, ലക്ഷ്യം വച്ച് ആസൂത്രണം ചെയ്യുകയും അതുവഴി മികവോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും, കഴിവുകളും പരിപോഷിപ്പിച്ച് ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ കഴിയുന്ന തരത്തിൽ അധ്യയനവർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നതാണ് ഈ മാസ്റ്റർപ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

# ലക്ഷ്യങ്ങൾ

## മലയാളം, ഇംഗ്ലീഷ്

- അക്ഷരങ്ങൾ തിരിച്ചറിയുന്നു.
- വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നു, എഴുതുന്നു.
- മലയാളം, ഇംഗ്ലീഷ് ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാകുക.
- സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കാൻ കഴിയുക.
- വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ, രചനകൾ നിർമ്മിക്കാൻ കഴിയുക
- വ്യത്യസ്തമായ ആശയങ്ങൾ അവതരിപ്പിക്കുക.

# പരിസരപഠനം

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ്.
- വിവിധ ശാസ്ത്ര ഉപകരണങ്ങൾ, മാതൃകകൾ, നിർമ്മിക്കാൻ കഴിയുക.
- വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താൽപര്യമുണ്ടാവുക.
- വിവിധ കണ്ടുപിടുത്തങ്ങളിൽ ഏർപ്പെടാൻ കഴിയുക
- വിവിധ പ്രൊജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയുക.
- വർഗ്ഗീകരിക്കാനുള്ള കഴിവ്.

# ഗണിതം

- 1 മുതൽ 10000 വരെ എണ്ണാനും എഴുതാനും കഴിയുക.
- ഗണിതം മധുരം - രസകരമായും, താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കൽ
- പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
- വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ വായിക്കാനുള്ള താൽപര്യമുണ്ടാവുക.
- ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക.
- മാന്ത്രികചതുരം, പാറ്റേണുകൾ തുടങ്ങിയവ കണ്ടെത്തൽ

# കലാ കായിക ആരോഗ്യ വിദ്യാഭ്യാസം

- മാനസിക ഉല്ലാസം വർധിപ്പിക്കുന്നതിന്
- നേതൃഗുണം ഉണ്ടാകുന്നതിന്.
- ശാരീരിക മാനസിക ആരോഗ്യം ഉണ്ടാകുന്നതിന്
- കളിയുപകരണങ്ങൾ, പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിന്.
- ചിത്ര രചനകളിൽ ഏർപ്പെടുന്നതിന്
- ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യയായി പിന്തുടരാനും
- വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്

## മലയാളം, ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി, അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ / സാധ്യതകൾ |
|---|---|---|---|---|
| • അക്ഷരങ്ങൾ തിരിച്ചറിയുന്നു വാക്യം /വാചകങ്ങൾ വായിക്കുന്നു, എഴുതുന്നു. | അക്ഷര കാർഡ് വേർഡ് കാർഡ് & പാഠഭാഗവുമായി ബന്ധപ്പെട്ട് പുതിയ പദങ്ങൾ, പത്രങ്ങളിലെ പുതിയ പദങ്ങൾ | ക്ലാസ് പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ | വർക്ക്ഷീറ്റ് ബുക്കുകൾ അക്ഷരകാർഡ് സംയുക്താക്ഷരി | ICT News paper Audio. |
| • അക്ഷരത്തെറ്റില്ലാതെ വായിക്കാനും എഴുതാനും കഴിവുണ്ടാകുക. | പാഠഭാഗം, പത്രങ്ങൾ, ടി.വി. വായിക്കാനും കേൾക്കാനും അവസരം (TB) | പാഠഭാഗം പഠിപ്പിക്കുമ്പോൾ | TB, പത്രങ്ങൾ | ICT Newspaper. |
| • സ്വന്തമായി ആശയ / അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിയുക. | പത്രം, ചർച്ചകൾ, വാർത്ത, വിവിധ വിഷയങ്ങളിലായി ചർച്ചകൾ സംഘടിപ്പിക്കുക. | പാഠഭാഗം പഠിപ്പിക്കുമ്പോൾ, ബാലസഭ | പുസ്തകങ്ങൾ | ICT |
| • വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങൾ, രചനകൾ നടത്താൻ കഴിയുക | പാഠഭാഗ ആശയം വിവിധ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. | ബാലസഭ, കലാമേളകൾ | മാതൃകകൾ | ICT |

# പരിസര പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തന രീതി അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗ്ഗങ്ങൾ / സാധ്യതകൾ |
|---|---|---|---|---|
| • പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് ഉണ്ടാക്കുക | പരീക്ഷണങ്ങൾ<br>പാഠഭാഗം അനുബന്ധം<br>പരിസര നടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട്<br>വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ഒഴിവു ദിനങ്ങൾ<br>ദിനാചരണങ്ങൾ | പരിസ്ഥിതി<br>(ആവാസ വ്യവസ്ഥ) | ICT |
| • വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ മാതൃകകൾ നിർമ്മിക്കാനും കഴിവ് | നിർമ്മാണം<br>വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും അവസരം. | ദിനാചരണങ്ങൾ<br>WE | ശാസ്ത്രോപകരണ നിർമ്മാണ വസ്തുക്കൾ | ICT |
| • വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ടും വിവിധ ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ടും പുസ്തക പരിചയം. | ദിനാചരണങ്ങൾ | ലൈബ്രറി | ശാസ്ത്ര ദിനം. |
| • പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക | ചുറ്റുമുള്ള ലഘുപ്രശ്നങ്ങൾ പ്രോജക്ടായി അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക. | പാഠഭാഗം | പുസ്തകം<br>പത്രങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |

| ലക്ഷ്യങ്ങൾ | പ്രവർത്തന രീതി , അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ / സഹ്യങ്ങൾ |
|---|---|---|---|---|
| • വിവിധ കണ്ടുപിടിത്തങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് | വ്യത്യസ്ത പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാൻ അവസരം ഒരുക്കുക. (പാഠഭാഗം) | ദിനാചരണം | വിഷയവുമായി ബന്ധപ്പെട്ടത് | ICT |
| • മാനദണ്ഡങ്ങൾക്കനുസരിച്ച് തരംതിരിക്കുന്നവയെ വർഗീകരിക്കുക. | പാഠഭാഗത്തു നിന്നുമുള്ള പ്രവർത്തനങ്ങൾ പ്രോജക്ടുകൾ, നിരീക്ഷണവുമായി ബന്ധപ്പെട്ട് | ദിനാചരണങ്ങൾ പ്രോജക്ടുകൾ ചെയ്യുമ്പോൾ പരിസര നടത്തം | ലൈബ്രറി പുസ്തകങ്ങൾ മാസികകൾ | ചർച്ചകൾ ICT സംവാദങ്ങൾ |

# ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി, അവതരണം | സമയം | പഠനോപകരണം | മറ്റ് മാർഗങ്ങൾ / സാധ്യതകൾ |
|---|---|---|---|---|
| • 1 മുതൽ 1000 വരെ എഴുതാനും പറയാനും | സംഖ്യാകാർഡ്, കളിനോട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ക്ലാസ്സ്റൂം പ്രവർത്തനം അവധിദിന ക്ലാസുകൾ | സംഖ്യാകാർഡ് ഗണിത കിറ്റ് | ICT |
| • ഗണിതം മധുരം - രസകരമായും താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ | വിവിധതരം കളികൾ പാഠഭാഗ പ്രവർത്തനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഗണിതകിറ്റ് കളിയുപകരണങ്ങൾ | ICT |
| • പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ (ചതുഷ്ക്രിയകൾ, സമയം തുടങ്ങിയവ) | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിൽ അത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക. | തുടർപ്രവർത്തനങ്ങൾ പഠനാനുഭവം | TB, കളിനോട്ട്, ക്ലോക്ക് | ICT |
| • വിവിധ ഗണിതലേഖനങ്ങൾ, പുസ്തകങ്ങൾ, ജീവചരിത്രക്കുറിപ്പ് വായിക്കുന്നതിന് | ലൈബ്രറികൾ പ്രയോജനപ്പെടുത്തുക. | ലൈബ്രറി, ദിനങ്ങൾ | ലൈബ്രറി | ICT |
| • ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വരക്കാനും | ചുറ്റുമുള്ള ജ്യാമിതീയ രൂപങ്ങളെ കുറിച്ച് ധാരണ വരുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | പഠനയാത്ര പ്രോജക്ട് | രൂപങ്ങൾ, ഗണിത കിറ്റ് | ICT |
| • ഗണിത മത്സരങ്ങൾ, മേളകൾ തുടങ്ങിയവയിലും പാഠഭാഗാനുബന്ധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക. | മേളകൾ, ഒഴിവുസമയങ്ങൾ ഒഴിവുദിനങ്ങൾ - അനുബന്ധ പ്രവർത്തനങ്ങൾ | ഗണിതകിറ്റ് ഒഴിവുസമയങ്ങൾ | ഗണിതകിറ്റ് | ICT |

## കലാ കായിക ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തന രീതി/ അവതരണം | സമയം | പഠനോപകരണം | മറ്റു വിഷയങ്ങൾ / അധ്യാപകർ |
|---|---|---|---|---|
| • മാനസികോല്ലാസം നിർവ്വഹിക്കുക | വിവിധതരം കളികൾ | സായാഹ്നം | കളിയുപകരണങ്ങൾ | ICT<br>സംഗീതജ്ഞർ (കലാധ്യാപിക) |
| • നേതൃഗുണം വളർത്തുക, സഹകരണ മനോഭാവം ഉണ്ടാക്കുക. | ഇന്നത്തെ ദിനം, ഉത്തരവാദിത്വം ഒരു കുട്ടിയിൽ നായകസ്ഥാനം | PET | കായിക ഉപകരണങ്ങൾ | ICT |
| • ശാരീരിക മാനസിക വളർച്ച | കുട്ടികളും ചിരിയും<br>കുട്ടികളിൽ മാനസിക സംഘർഷം ഇല്ലാതാക്കാൻ വിവിധ ഉല്ലാസങ്ങളിൽ ഏർപ്പെടൽ | PET | പാട്ടുകൾ, ഡാൻസുകൾ | ICT |
| • കളിയുപകരണങ്ങൾ, പാഴ്വസ്തുക്കൾ [illegible] നിർമ്മിക്കുന്നതിന് | നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക | WE | വർണ്ണപേപ്പറുകൾ, [illegible] | നിർമ്മാണപ്രവർത്തനങ്ങളിൽ കഴിവുള്ളവർ |
| • ചിത്രരചനകളിൽ ഏർപ്പെടുന്നതിന് | വിവിധ വിഷയങ്ങൾ, പാഠഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങി വരയ്ക്കാൻ അവസരം | ചിത്രരചനാക്ലാസ് | ക്രയോണുകൾ, പേപ്പറുകൾ | ചിത്രകാരൻ |